പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 324 21.06.2018 ലെ മറുപടിക്ക്

**കയർ വ്യവസായ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ബി.സത്യൻ<br>ശ്രീഎൻ. വിജയൻ പിള്ള | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയ്ക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനവും കേന്ദ്രവും തുല്യമായി ഫണ്ട് നൽകി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മാർക്കറ്റിംഗ് ഡവലപ്മെൻറ് അസിസ്റ്റൻസ് (എം.ഡി.എ.) ആണ് സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതി. |
| ബി) കയർ വ്യവസായത്തിന്റെ സുസ്ഥിരമായ വികസനം ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന കയർ വികാസ് യോജനയുടെ വിശദാംശം നൽകുമോ; | ബി) രാജ്യത്തിനകത്തും പുറത്തും കയർ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കയർ വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 1. ഡൊമസ്റ്റിക് മാർക്കറ്റ് പ്രൊമോഷൻ, 2. എക്സ്പോർട്ട് മാർക്കറ്റ് പ്രൊമോഷൻ എന്നിവയാണ്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കയർബോർഡ് ടി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വിപണി വികസനത്തിനായി ഷോറൂമുകളും ഡിപ്പോകളും സ്ഥാപിച്ചിട്ടുണ്ട്. കയർബോർഡ് ടി ഷോറൂമുകളും ഡിപ്പോകളും വഴി രാജ്യത്തുടനീളം ആഭ്യന്തര പ്രദർശനങ്ങൾ നടത്തുന്നു. വിദേശരാജ്യങ്ങളിലെ പ്രദർശനങ്ങളിൽ കയറ്റുമതിക്കാരെ പങ്കെടുപ്പിക്കുക, സെമിനാറുകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുക, മൈക്രോ -സ്മാൾ -മീഡിയം എൻറർപ്രൈസുകൾക്കും കയറ്റുമതിക്കാർക്കും സാമ്പത്തികസഹായം നൽകുക, കയർ വ്യവസായ അവാർഡുകൾ നൽകുക തുടങ്ങിയവയാണ് എക്സ്പോർട്ട് മാർക്കറ്റ് പ്രൊമോഷൻ ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിലെ സംരംഭകർക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട് എന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| സി) ഈ മേഖലയിൽ ഗ്രാമപ്രദേശങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ മഹിള കയർ യോജന നടപ്പാക്കിയിട്ടുണ്ടോ;<br>ഡി) ഈ പദ്ധതി പ്രകാരം ചകിരി ഉല്പാദന മേഖലയിലും മറ്റ് അനുബന്ധ | സി) & ഡി) ഗ്രാമീണ മേഖലയിലുള്ള വനിതകൾക്ക് ചകിരി ഉൽപ്പാദന മേഖലയിലും അനുബന്ധമേഖലകളിലും സ്വയംതൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിനായി മഹിള കയർ യോജന കയർബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സ്വയംതൊഴിലിനുള്ള ഒരു പദ്ധതിയാണ് മഹിളാ കയർ യോജന. ട്രെയിനിംഗ് പൂർത്തിയാക്കിയ സ്ത്രീകൾക്ക് സ്വയം |

| | |
|---|---|
| മേഖലകളിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; | പ്രവർത്തിപ്പിക്കാവുന്ന മോട്ടോറൈസ്ഡ് റാട്ടുകൾ/പരമ്പരാഗത മോട്ടോറൈസ്ഡ് റാട്ടുകൾ, മറ്റ് കയർ ഉൽപ്പാദന ഉപകരണങ്ങൾ എന്നിവ നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2 മാസം നീളുന്ന പരിശീലന പരിപാടിയ്ക്ക് 1000/- രൂപ പ്രതിമാസം സ്റ്റൈപ്പൻറ് നൽകുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിവരുന്ന ഉപകരണങ്ങളുടെ വിലയുടെ 75% പരമാവധി 7500/- രൂപ സാമ്പത്തിക സഹായം നൽകുന്നു. കേരളം ഉൾപ്പെടെയുള്ള നാളീകേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർബോർഡ് ടി പദ്ധതി നടപ്പാക്കി വരുന്നതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ഇ) കയർ വ്യവസായ പുനരുദ്ധാരണം, നവീകരണം, നൂതന സാങ്കേതിക വിദ്യ വികസനം എന്നിവയ്ക്കായി നടപ്പാക്കിയിട്ടുള്ള കയർ ഉദ്യമി യോജനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഇ) കേരളം ഉൾപ്പെടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർബോർഡ് കയർ ഉദ്യമി യോജന നടപ്പാക്കി വരുന്നു. ഇത് മുൻപ് റിമോട്ട് സ്കീം (REMOT- Rejuvenation, Modernization and Technology Up gradation Scheme) എന്നാണ് അറിയപ്പെട്ടിരുന്നത്. 2015-16 വർഷത്തിലാണ് കയർ ഉദ്യമി യോജന എന്ന പേരിൽ ഭേദഗതി ചെയ്ത് അവതരിപ്പിച്ചത്. കയർ ഉദ്യമി യോജന പ്രകാരം പരമാവധി അർഹമായ തുക 10 ലക്ഷം രൂപയും, പ്രവർത്തനമൂലധനവുമാണ്. അത് ആകെ പദ്ധതി അടങ്കൽ തുകയുടെ 25% ൽ കൂടാനും പാടില്ല. ധനസഹായ ക്രമം നിശ്ചയിച്ചിരിക്കുന്നത്, ആകെ പദ്ധതി അടങ്കൽ തുകയുടെ 40% സർക്കാർ ഗ്രാൻറ് / സബ്സിഡിയായും 55% ബാങ്ക് ക്രെഡിറ്റായും, 5% ഗുണഭോക്തൃ വിഹിതമായും ലഭിക്കത്തക്ക രീതിയിലാണ്. 18 വയസിന് മുകളിൽ പ്രായമുള്ള ഏതൊരു ഇന്ത്യൻ പൗരനും ഈ പദ്ധതി പ്രകാരം കയർ ഫൈബർ/യാൺ/ഉൽപ്പന്ന യൂണിറ്റ് തുടങ്ങാവുന്നതാണ്. വ്യക്തികൾ, കമ്പനികൾ, സ്വയം സഹായ സംഘങ്ങൾ, സർക്കാർ ഇതര സംഘടനകൾ, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ ഉൽപ്പാദന സഹകരണ സംഘങ്ങൾ, കൂട്ടുത്തരവാദിത്ത സംഘങ്ങൾ, എൻ.ജി.ഒ. എന്നിവയ്ക്കെല്ലാം ഈ പദ്ധതിയിൻകീഴിൽ സാമ്പത്തിക സഹായം ലഭ്യമാണ്. 2007-08 കാലഘട്ടത്തിൽ റിമോട്ട് പദ്ധതി ആരംഭിച്ചത് മുതൽ, 4127 യൂണിറ്റുകൾക്കായി ആകെ 3707.90 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കേരള സംസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ